**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5679** **08-07-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സാന്ത്വന ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സാന്ത്വന ചികിത്സയ്ക്കായി നടപ്പിലാക്കിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 227 സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും സാന്ത്വന പരിചരണത്തിനായി സെക്കണ്ടറിതല പാലിയേറ്റീവ് പരിചരണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാന്ത്വന പരിചരണത്തിനും വയോജന ആരോഗ്യത്തിനും മാത്രമായി ഒരു സ്റ്റാഫ് നഴ്സിന്റേയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുള്ളതു കൂടാതെ ആഴ്ചയിൽ മൂന്നു ദിവസം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ക്ലിനിക്കിലും, മൂന്നു ദിവസം കിടപ്പുരോഗികളുടെ വീടുകളിലും ഇവരുടെ സേവനം ലഭ്യമാക്കിവരുന്നു. ഇതിന് പുറമെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നിയമിതരായ പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സഹായത്തോടുകൂടി പ്രാഥമികതല സാന്ത്വന പരിചരണം ആവശ്യമുള്ള രോഗികളുടെ ഗൃഹസന്ദർശനത്തിലൂടെ പരിചരണം നൽകി വരുന്നുണ്ട്. കൂടാതെ തെരഞ്ഞെടുത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ മോർഫിൻ ചികിത്സയും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സാന്ത്വന പരിചരണത്തിന്റെ ഭാഗമായി ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനവും നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ദേശീയാരോഗ്യ ദൗത്യം മുഖേന ഉറപ്പാക്കിയിട്ടുണ്ട്. ആഴ്ചയിൽ മൂന്നു ദിവസം ആരോഗ്യ കേന്ദ്രത്തിലും, മൂന്നു ദിവസം ഫീൽഡ് തലത്തിൽ ഗൃഹസന്ദർശനത്തിലൂടെ കിടപ്പുരോഗികൾക്കുമാണ് പ്രസ്തുത സേവനം നൽകി വരുന്നത്. എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഫിസിയോതെറാപ്പിയ്ക്കാവശ്യമായ അടിസ്ഥാന ഉപകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഒരു ഫിസിയോതെറാപ്പി യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവിടങ്ങളിൽ കിടപ്പുരോഗികൾക്ക് നൽകിവരുന്ന പരിചരണങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | കിടപ്പുരോഗികൾക്ക് ഭവന സന്ദർശനത്തിലൂടെ പാലിയേറ്റീവ് കെയർ നേഴ്സ് ഉൾപ്പെടുന്ന സാന്ത്വന പരിചരണ ടീം നിശ്ചിത ഇടവേളകളിൽ സേവനം നൽകി വരുന്നു. കത്തീറ്റർ മാറ്റം, റയിൽസ് ട്യൂബ് മാറ്റം, കിടക്കപ്പുണ്ണിന്റെ പരിചരണം, ജീവിതശൈലീരോഗങ്ങളുടെ ചികിത്സ, കിടപ്പുരോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള ആരോഗ്യ ബോധവത്ക്കരണം എന്നിവയാണ് നൽകപ്പെടുന്ന സേവനങ്ങൾ. കിടപ്പുരോഗികൾക്കുള്ള മരുന്നുകളും, മറ്റ് അനുബന്ധ സാമഗ്രികളും സൗജന്യമായി വീടുകളിൽ വിതരണം ചെയ്തുവരുന്നു. കിടപ്പുരോഗികൾക്കാവശ്യമായ എയർബെഡ്ഡുകൾ, വാട്ടർബെഡ്ഡുകൾ, മറ്റുപകരണങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വിതരണം ചെയ്യുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഫിസിയോതെറാപ്പി ആവശ്യമായ രോഗികൾക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ ഫിസിയോതെറാപ്പിസ്റ്റിന്റെ സഹായത്തോടുകൂടി വീടുകളിൽ തന്നെ ഫിസിയോതെറാപ്പി നൽകുന്നതു കൂടാതെ കൂട്ടിരുപ്പുകാർക്കുള്ള പരിശീലനവും നൽകി വരുന്നു. |
| (ഡി) | ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിലെ തിരക്ക് കുറയ്ക്കുന്നതിനായി നഗര പ്രദേശങ്ങളിലെ അപ്പാർട്ട്മെന്റുകളിലും പാർപ്പിട സമുച്ചയങ്ങളിലും പ്രാഥമിക ചികിത്സാ സൗകര്യം നൽകുന്നതിന് വീട്ടുപടിക്കൽ ചികിത്സ എന്ന ആശയത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നഗര പ്രദേശങ്ങളിൽ പാർപ്പിട സമുച്ചയങ്ങളിലും, അപ്പാർട്ട്മെന്റുകളിലും താമസിക്കുന്നവർക്ക് പ്രാഥമിക ചികിത്സാ സൗകര്യം നൽകുന്നതിനായി വാതിൽപ്പടി സേവനങ്ങൾ ഉറപ്പാക്കാൻ ആരോഗ്യ വകുപ്പിന്റെ ഇപ്പോഴത്തെ മാനവശേഷി അപര്യാപ്തമാണ്. കിടപ്പിലായ രോഗികൾക്ക് സേവനം ഉറപ്പാക്കാൻ സാധിക്കുമെങ്കിലും മറ്റുള്ളവർക്കെല്ലാം വാതിൽപ്പടി സേവനം എന്ന ആശയം പ്രാവർത്തികമാക്കുവാൻ സാങ്കേതികമായി ബുദ്ധിമുട്ടുണ്ട്. എങ്കിലും നഗരാരോഗ്യ കേന്ദ്രങ്ങളുടെ സഹായത്തോടുകൂടി പ്രാഥമിക ചികിത്സ ഉറപ്പാക്കുന്നുണ്ട്. കോവിഡ് കാലത്ത് ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ മുതിർന്ന പൗരന്മാരുടെ വീടുകളിലെത്തി വിതരണം ചെയ്തിരുന്നു. എന്നാൽ കോവിഡാനന്തര കാലത്ത് പാലിയേറ്റീവ് കെയർ പ്രവർത്തകരിലൂടെ കിടപ്പിലായ രോഗികൾക്ക് മാത്രമാണ് ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ വീടുകളിൽ എത്തിച്ച നൽകുന്നത്. കേരളത്തിലെ മുതിർന്ന പൗരന്മാർക്ക് മരുന്നുകൾ വീടുകളിൽ എത്തിച്ച നൽകുന്ന കാരുണ്യ @ ഹോം എന്ന കെ.എം.എസ്.സി.എൽ സംരംഭം തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ